## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2253 09.12.2014-ൽ മറുപടിയ്ക്ക്

# പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി തടസ്സം ഒഴിവാക്കുവാൻ നടപടി.

ചോദ്യം

ശ്രീ. എ. റ്റി. ജോർജ്ജ് :

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി യഥാസമയം ലഭിക്കാത്തതിനാൽ ഓപ്പറേഷനും മറ്റും തടസ്സം ഉണ്ടാകുകയും ആശുപത്രിയുടെ പ്രവർത്തനം തന്നെ താറുമാറാകുകയും ചെയ്യുന്നതിനാൽ ലോഡ് ഷെഡിംഗ് സമയത്തും മറ്റും കറൻറ് കട്ട് ഒഴിവാക്കുന്നതിനു വേണ്ടി പാറശ്ശാല സബ് സ്റ്റേഷനിൽ പാറശ്ശാല ആശുപത്രിക്കു വേണ്ടി ഒരു പുതിയ ഫീഡർ ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ നിലവിൽ എൽ. റ്റി. 3 ഫേസിൻെറ 4 സർവീസ് കണക്ഷനുകൾ ഉണ്ട്. ഇതിലേയ്ക്കായി ആശുപത്രി പരിസരത്ത് 100 കെ. വി. എ. യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പാറശ്ശാല സബ് സ്റ്റേഷനിൽ നിന്നുള്ള കാരോട് 11 കെ. വി. ഫീഡറിലാണ് പ്രസ്തുത ട്രാൻസ്ഫോർമർ ഇപ്പോൾ ഉള്ളത്. കാരോട് ഫീഡറിൽ ഇപ്പോൾ വൈദ്യുതി തടസ്സം കൂടുതലായതിനാലും ടി ഫീഡർ ഓവർ ലോഡ് ആയതിനാലും, സിസ്റ്റം ഇംപ്രൂവ്മെൻറ് സ്കീമിൽപ്പെടുത്തി കാരോട് ഫീഡറും പാറശ്ശാല സബ്സ്റ്റേഷനിൽ നിന്നുള്ള പാറശ്ശാല ഫീഡറും തമ്മിൽ ഇൻറർ ലിങ്ക് ചെയ്യുന്ന പ്രവൃത്തിയ്ക്ക് 2014 സെപ്റ്റംബറിൽ സാങ്കേതികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്നതോടു കൂടി പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സം പരിഹരിക്കപ്പെടുന്നതാണ്.

പാറശ്ശാല താലൂക്ക് ആശുപത്രിയ്ക്കു മാത്രമായി ഒരു 11 കെ. വി ഫീഡർ ആവശ്യമാണെങ്കിൽ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് 2014, റെഗുലേഷൻ 13 പ്രകാരം, അപേക്ഷ നൽകുന്ന പക്ഷം സാധ്യതാപഠനം നടത്തി അറിയിപ്പ് നൽകുകയും ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ.